പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5893** **08. 07. 2013-** ലെ മറുപടി

## പ്രവാസി മലയാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്ക് ആത്മവിശ്വാസം നൽകുന്നതിന് പ്രത്യേക കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുമോ; | (എ) പ്രവാസി നിയമസഹായ സെല്ലിന്റെ ഭാഗമായി നിയമവിദഗ്ധരുടെയും ഫാമിലി കൗൺസിലേഴ്സിന്റെയും ഒരു പാനൽ നോർക്ക റൂട്ട്സിൽ രൂപീകരിച്ച് നോർക്ക കോൾ സെന്റർ കേന്ദ്രീകരിച്ച് മുൻകൂട്ടി നിശ്ചിത സമയങ്ങളിൽ വിദേശ രാജ്യങ്ങളിൽ നിന്നും പ്രവാസികൾക്ക് നേരിട്ട് ടെലിഫോൺ മുഖാന്തിരം ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ / പരാതികൾ അറിയിച്ച് ഉപദേശം തേടുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി)ഇത്തരക്കാർക്ക് 50 ലക്ഷം വരെ സബ്സിഡിയോടുകൂടി വായ്പ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 20 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കി 10% ബാക്ക് എൻഡ് സബ്സിഡി നൽകുന്ന ഒരു പദ്ധതിയാണിത്. പ്രവാസികൾക്ക് ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിന് 2013 ജൂലൈ 15 വരെ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗൾഫ് രാജ്യങ്ങളിൽ സ്വദേശിവത്കരണം കർശനമാക്കിയ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സമഗ്ര പദ്ധതികൾ രൂപീകരിയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ നോർക്ക വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ കേരളാ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ചെയർമാനായി ഈ കമ്മിറ്റി നിയോഗിച്ച ഉപസമിതി കരട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അത് ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ